**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4912** **20-03-2025 - ൽ മറുപടിയ്ക്ക്**

**ശോചനീയാവസ്ഥയിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളെല്ലാം പൂർണ്ണമായും അതിഥികൾക്ക് താമസിക്കുന്നതിന് സജ്ജമാണോ; ശോചനീയാവസ്ഥയിലുള്ള ഗസ്റ്റ് ഹൗസുകൾ/യാത്രീ നിവാസുകൾ/മറ്റ് അതിഥി മന്ദിരങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം; ആയവ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | വിനോദസഞ്ചാര വകുപ്പിന്റെ സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകൾ അതിഥികൾക്ക താമസിക്കുന്നതിന് സജ്ജമാണ്. കേരള ഹൗസ് കന്യാകുമാരി, കോട്ടയം ഗസ്റ്റ് ഹൗസ്, പീരുമേട് ഗസ്റ്റ് ഹൗസ്, ദേവികുളം യാത്രിനിവാസ്, കൊല്ലം ഗസ്റ്റ് ഹൗസ് എന്നിവ നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകി പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തിന് പുറത്തുള്ളതും സംസ്ഥാന സർക്കാരിന് കീഴിലുള്ളതുമായ ഗസ്റ്റ് ഹൗസുകൾ പരിപാലിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കന്യാകുമാരി പോലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഗസ്റ്റ് ഹൗസ് വളരെ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | ഗസ്റ്റ് ഹൗസുകൾ മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. . കന്യാകുമാരി ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ നടന്നു വരികയാണ്. |
| (സി) | കന്യാകുമാരി ഗസ്റ്റ് ഹൗസിൽ എന്തെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കന്യാകുമാരി ഗസ്റ്റ് ഹൗസ് പൂർണമായും നവീകരിക്കുന്നതിനുള്ള പ്രവൃത്തികളാണ് നടത്തി വരുന്നത്. |
| (ഡി) | സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകളെ അവയുടെ നിലവാരത്തിന്റെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്തിട്ടുണ്ടോ, ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകളെ അവയുടെ നിലവാരത്തിന്റെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ക്ലാസ്സിഫൈ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ